(ബി) കേരളാ നാളികേര വികസന കോർപ്പറേഷൻ മുഖാന്തിരവും വാങ്ങിയിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് കോക്കനട്ട് ഡവലപ്പ്മെൻറ് കോർപ്പറേഷന്റെ മാമം, കേഴിക്കോട് കോംപ്ലക്സുകൾക്കായി 1985 ഏപ്രിൽ മുതൽ 30-8-1985 വരെ 5157 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്.

പണം അടച്ചിട്ടും ഗസറ്റ് അയക്കാതിരുന്ന സംഭവം

526. [934] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1985 വർഷത്തിൽ കൺസഷൻ നിരക്കിൽ, ഗസറ്റ് സപ്ലൈ ചെയ്യുന്നതിന് തലശ്ശേരി സബ് ട്രഷറിയിൽ 3-1-1985-ന് 21-ാം നമ്പർ ചെല്ലാൻ പ്രകാരം ഇരുന്നൂറു രൂപാ അടച്ച് 10-1-1985-ന് തലശ്ശേരി ഹെഡ് പോസ്റ്റ് ഓഫീസിലെ രജിസ്റ്റേർഡായി (രജി. നമ്പർ 1417) തലശ്ശേരിയിലെ എറത്തോളി യുവജന ക്ലബ് ലൈബ്രറി ആൻറ് റീഡിംഗ് റൂം അപേക്ഷ അയച്ചെങ്കിലും ഇന്നുവരെ ഗസറ്റ് അയച്ചുകൊടുക്കാതിരുന്നത് എന്തു കൊണ്ടാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

3-1-1985-നു തലശ്ശേരി സബ് ട്രഷറിയിൽ ഒടുക്കിയ തുകയുടെ ചെല്ലാൻ രസീത് അച്ചടി വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ കിട്ടിയിട്ടില്ല. ഈ വിവരം ബഹുമാനപ്പെട്ട മെമ്പർ ടെലിഫോൺ മുഖാന്തിരം അച്ചടി വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ അന്വേഷിച്ചപ്പോഴാണ് അദ്ദേഹത്തെ ധരിപ്പിച്ചതായും ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തലശ്ശേരി സബ് ട്രഷറിയിൽ നിന്നും ഒരു റെമിറൻസ് സർട്ടിഫിക്കറ്റ് വാങ്ങി അയച്ചാൽ ഗസറ്റ് അയച്ചുകൊടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാമെന്ന് അച്ചടി വകുപ്പ് ഡയറക്ടറുടെ ആഫീസിൽ നിന്നു 22-8-1985-ൽ കത്തു മുഖാന്തിരം എറത്തോളി യുവജന ക്ലബ് ലൈബ്രറി ആൻറ് റീഡിംഗ് റൂം സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

അഴുത ബ്ലോക്കിലെ ഐ.സി.ഡി.എസ്.

527 [935] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴുത ബ്ലോക്ക് ഐ.സി.ഡി.എസ്സിൽ ഉൾപ്പെടുത്തുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) 1985-86-ൽ ഏതെല്ലാം ബ്ലോക്കുകൾ ആണ് ഐ.സി.ഡി.എസ്. പദ്ധതിയിൽപ്പെടുത്താനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 7-ാം പദ്ധതിയുടെ വരുന്ന വർഷങ്ങളിൽ പുതിയ ഐ. സി.ഡി. എസ്. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ അഴുത ബ്ലോക്കിന്റെ കാര്യവും പരിഗണിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(സി) തളിക്കുളം, മാടപ്പള്ളി, തിരൂരങ്ങാടി, കാസർകോട്, പുളിക്കീഴ്, ചിറ്റൂമല എന്നീ ബ്ലോക്കുകളിലാണ് 1985-86 വർഷത്തിൽ ഐ.സി.ഡി. എസ്. പദ്ധതി നടപ്പിലാക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II. അടിയന്തിര പ്രമേയം

കൊരട്ടി മധുര കോട്ട്സ് കമ്പനിയിലുണ്ടായ വിഷവാതക ചോർച്ച

മി. സ്പീക്കർ: കൊരട്ടിയിലുള്ള മധുര കോട്ട്സ് കമ്പനിയിൽ 17-2-1985-ന് രാത്രി വിഷവാതക ചോർച്ച ഉണ്ടായതിനെത്തുടർന്ന് 14 തൊഴിലാളികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നതു സംബന്ധിച്ച് ആ പ്രദേശത്ത് നിലവിലുള്ളതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യാൻ ഇന്നത്തെ സഭാനടപടികളം നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ.ജെ. ജോർജ്ജ് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 a.m.]

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): മധുര കോട്ട്സ് കമ്പനിയിലെ പ്ലാന്റ് ക്ലീൻചെയ്യുന്ന ജോലിയിൽ ഏർപ്പെട്ടുകൊണ്ടിരുന്ന അവസരത്തിലാണ് അതിന്റെ അടുത്തുണ്ടായിരുന്ന ഏതാനും ആളുകൾക്ക് തലവേദനയും ഛർദ്ദിയും അനുഭവപ്പെട്ടത്. 26 ആളുകളെ ഉടൻ തന്നെ ആശുപത്രിയിലേക്ക് അയച്ചു. ഫസ്റ്റ് എയിഡ് നൽകി ആശുപത്രിയിൽ നിന്നും അവരെ വിട്ടയച്ചു. അവർക്ക് യാതൊരു അസുഖവുമില്ലെന്നാണ് ആശുപത്രിയിൽനിന്ന് കിട്ടിയ റിപ്പോർട്ട്. താലൂക്ക് ഹെഡ്കാർട്ടേഴ്സ് ഹോസ്പിറ്റൽ (ചാലക്കുടി), ജയ മാതാ ഹോസ്പിറ്റൽ (കൊരട്ടി), ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, (അങ്കമാലി), ഈ മൂന്ന് ആശുപത്രികളിലേയ്ക്കാണ് അവരെ അയച്ചത്. പ്രാഥമിക ശുശ്രൂഷകൾക്കുശേഷം അവർക്ക് പ്രത്യേക രോഗമൊന്നുമില്ലെന്ന് കണ്ടതിനെത്തുടർന്ന് അവരെ ഡിസ്ചാർജ്ജ് ചെയ്തിരിക്കുകയാണ്. ഏതായാലും ഇതിന്റെ കാരണം എന്താണെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തുന്നതാണ്.

ശ്രീ. കെ.ജെ. ജോർജ്ജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലാഘവത്തോടുകൂടിയാണ് ഇപ്പോൾ മറുപടി പറഞ്ഞത്. ഈ സഭ കൂടിയതിനുശേഷം രണ്ടുമൂന്ന് സ്ഥലത്തെ വിഷവാതകച്ചോർച്ചയെ സംബന്ധിച്ച് ചർച്ചചെയ്തു. മധുര കോട്ട്സ് കമ്പനിയിൽതന്നെ എട്ട് മാസത്തിനുമുമ്പ് വിഷവാതകച്ചോർച്ചയുണ്ടായി. 48 തൊഴിലാളികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇങ്ങനെയുള്ള സമയത്ത് കൊരട്ടി കമ്പനി മാനേജുമെന്റ് കാര്യമായ ശുശ്രൂഷാ പ്രവർത്തനങ്ങളോ അടിയന്തിരമായി ആശുപത്രിയിലേക്ക് പ്രവേശിപ്പിക്കാനുള്ള നടപടികളോ സ്വീകരിക്കാറില്ല. അത് ഇപ്രാവശ്യവും ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly